പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.33 09-06-2014-ൽ മറുപടിയ്ക്ക്

## ആശ്രിത നിയമനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ)ആശ്രിതനിയമനത്തിനായി എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;<br><br>ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നിന്നും ആശ്രിതനിയമനത്തിനായി ആരുടേയൊക്കെ അപേക്ഷ ലഭിച്ച എന്നും ഏതൊക്കെ വകുപ്പുളിലേക്കാണ് നിയമനം ആവശ്യപ്പെട്ടതെന്നും വിശദാംശം അറിയിക്കുമോ?<br><br>സി) ഈ അപേക്ഷകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ? | എ, ബി & സി<br>മാതൃവകുപ്പുകളിൽ നിയമനാധികാരികളുടെ കീഴിൽ ഒഴിവില്ലാത്തതിനാൽ നിയമനം നൽകാൻ സാധിക്കാത്ത വിവിധ ഭരണ വകുപ്പുകളിലെ 95 എൽ.ഡി.സി. അപേക്ഷകരും, അസിസ്റ്റന്റ് നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 15 അപേക്ഷകരുമാണ് സർക്കാരിന്റെ സി.ഇ. സെല്ലിൽ നിലവിലുള്ളത്. ഇവരിൽ 5 പേർ കോഴിക്കോട് ജില്ലയിൽ നിന്നുള്ളവരാണ്. ഓരോ വകുപ്പിലും ലഭിച്ചിട്ടുള്ള അപേക്ഷകർ താഴെപ്പറയും പ്രകാരമാണ്.<br><u>ലോവർ ഡിവിഷൻ ക്ലാർക്ക്</u> - ആഭ്യന്തരം -76, ആരോഗ്യ കുടുംബ ക്ഷേമം -2, സാംസ്കാരികം-1, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്-3, ഉന്നതവിദ്യാഭ്യാസം-3, നികുതി-4, ഗതാഗതം-2, പൊതുവിദ്യാഭ്യാസം-1, വിനോദസഞ്ചാരം-1, ജലവിഭവം-1, പൊതുഭരണം-1.<br><u>അസിസ്റ്റന്റ്-</u> ആഭ്യന്തരം-7, പൊതുമരാമത്ത്-2, തദ്ദേശസ്വയംഭരണം-1, ആരോഗ്യകുടുംബ ക്ഷേമം-2, പൊതുവിദ്യാഭ്യാസം-1, നികുതി-2. ഓരോ വകുപ്പിലും ലഭിച്ചിട്ടുള്ള അപേക്ഷകൾ സംബന്ധിച്ച വിവരം വകുപ്പ തലവന്മാരിൽ നിന്നും ശേഖരിച്ചു വരുന്നു. 17/07/2013 വരെ സെക്രട്ടേറിയറ്റിലും, വിവിധ വകുപ്പ തലവന്മാരിൽ നിന്നും ലഭിച്ച അപേക്ഷകളുടെയും അടിസ്ഥാനത്തിൽ മുഴുവൻ അപേക്ഷകർക്കും സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അതാത് വകുപ്പുകളിൽത്തന്നെ നിയമനം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ